പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2878 20.06.2013 -ൽ മറുപടിക്ക്

# ടാർ ചെയ്ത റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കിലോമീറ്റർ റോഡ് ടാർ ചെയ്തിട്ടുണ്ട്; | (എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ലഭ്യമായ വിവരമനുസരിച്ച് 100753.695 കി.മീ. റോഡ് ടാർ ചെയ്തിട്ടുണ്ട്.<br>കെ.എസ്.ടി.പി. യിൽ 435 കി.മീ. റോഡുകൾ ടാർ ചെയ്തിട്ടുണ്ട്.<br>കെ.ആർ.എഫ്.ബിയിൽ ബി.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ നടപ്പാക്കി വരുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഏകദേശം 24 കി.മീ. റോഡ് ഈ സർക്കാർ അധികാരമേറ്റശേഷം ടാർ ചെയ്തിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 727.55 കി.മീ. റോഡ് ടാർ ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്രകാരം ടാർ ചെയ്ത റോഡുകളിൽ 18.05.2011 -നു മുമ്പ് ഭരണാനുമതി നൽകിയ റോഡുകൾ എത്രയാണെന്ന് അറിയിക്കുമോ; | (ബി) നിരത്തുകളും പാലങ്ങളും - 129 എണ്ണം<br>ദേശീയ പാത - 17 |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതിയും സാമ്പത്തികാനുമതിയും ടെൻഡർ നടപടികളും നടത്തി ടാർ ചെയ്ത റോഡുകൾ എത്ര ; അവ ഏതെല്ലാം ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ; | (സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 572 എണ്ണം.ജില്ലതിരിച്ചുള്ള വിവരം അനുബന്ധം(2) ആയി ചേർക്കുന്നു<br>കെ.എസ്.ടി.പി.യിൽ 19 റോഡുകൾ. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.<br>തിരുവനന്തപുരം - 3<br>കൊല്ലം - 1<br>ആലപ്പുഴ - 2<br>കോട്ടയം - 3 |

ഇടുക്കി - 2
മലപ്പുറം - 1
കണ്ണൂർ - 4
പാലക്കാട്, തൃശ്ശൂർ - 1
എറണാകുളം - 2

ദേശീയപാതാ വിഭാഗത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതിയും ടെണ്ടർ നടപടികളും നടത്തി ടാർ ചെയ്ത പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) റോഡുകൾ ടാറുചെയ്യുന്നതിനായി മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടാണ് ടാറിംഗ് നടപടികൾ പൂർത്തിയാക്കുന്നത് എന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുമോ :

(ഡി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിലവിലുള്ള റോഡുകളുടെ അവസ്ഥയും പ്രാധാന്യവും അതിലൂടെ പോകുന്ന വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചുകൊണ്ടാണ് ടാറിംഗ് പ്രവൃത്തികൾ നടത്തുന്നത്.

കെ.എസ്.ടി.പി.യിൽ റോഡിന്റെ ഉപരിതലം പുതുക്കുന്നതിന് സമയമാകുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി കിട്ടിയ ശേഷമാണ് ടാറിംഗ് പണികൾ അറേഞ്ച് ചെയ്യുന്നത്.

ദേശീയപാതാ വിഭാഗത്തിൽ MORTH ലെ നിലവിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് ടാർ പണി നടത്തുകയാണ് ചെയ്തു വരുന്നത്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ